# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം17/2734/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 26/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം17/2734/2025 തീയ്യതി: 26/12/2025

# മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2024 മുതൽ 10-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഷ്‌റഫ് പെരുമ്പള്ളി, കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2025 | 19-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2025 | 19-11-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം പി, ഓഡിറ്റ് ഓഫീസർ,
ശ്രീ. മുഹമ്മദ് സിയാദ്.പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി. സിന്ധു. ഐ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.നിഷ.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി പി കുഞ്ഞുട്ടി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. ബീരാൻകുട്ടി. എ. കെ | സെക്രട്ടറി | 01-04-2024 | 01-04-2024 |
| ശ്രീമതി.പത്മകുമാരി. എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-04-2024 | 30-04-2024 |
| ശ്രീ. ബീരാൻകുട്ടി. എ. കെ | സെക്രട്ടറി | 01-05-2024 | 12-05-2025 |
| ശ്രീ. അനീഷ്.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-05-2024 | 26-05-2024 |
| ശ്രീ. ബീരാൻകുട്ടി. എ. കെ | സെക്രട്ടറി | 27-05-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനീഷ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. ശരണ്യ പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. രേഷ്മ പി രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 23-05-2024 |
| ശ്രീ. സന്ദീപ്.പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 24-05-2024 | 04-07-2024 |
| ശ്രീമതി. ആരിഫ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ് | 05-07-2024 | 19-01-2025 |
| ശ്രീമതി. രേഷ്മ പി രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-01-2025 | 31-03-2025 |
| ഡോ. രശ്മി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. ശ്രുതി | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി.സാജിത കെ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2024 | 02-07-2024 |
| ശ്രീമതി.ജയകുമാരി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 03-07-2024 | 31-03-2025 |
| ശ്രീ. ബാബുരാജ്. പി. ജി | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ഡോ.അയന | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. ഷാജിത്ത് കെ | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-04-2024 | 18-08-2025 |
| ശ്രീമതി. ജസീല ബക്കർ | ഡയറി എക്സ്റ്റൻഷൻഓഫീസർ | 19-08-2024 | 31-03-2025 |
| ശ്രീമതി. ഷിജി. എ. എഫ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 19-08-2024 |
| ശ്രീമതി.പ്രിയ വർഗീസ് | ഫിഷറീസ് ഇൻസ്പെക്ടർ | 20-08-2024 | 04-02-2025 |
| ശ്രീ.അബ്ദുൽ വാജിദ് ടി | ഫിഷറീസ് ഇൻസ്പെക്ടർ | 05-02-2025 | 31-03-2025 |
| ഡോ. ബിന്ദു. ടി. കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 12-05-2024 |
| ഡോ. ജയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 13-05-2024 | 31-03-2025 |
| ശ്രീ. ശ്രീഹരി കെ എൻ | വി ഇ ഒ 1 | 01-04-2024 | 22-09-2024 |
| ശ്രീമതി.ദിവ്യ.എം.പി | വി.ഇ.ഒ 1 | 23-09-2024 | 15-01-2025 |
| ശ്രീ. ബാബുമോൻ പി. | വി ഇ ഒ 1 | 16-01-2025 | 28-01-2025 |
| ശ്രീ. പ്രജീഷ്.പി | വി ഇ ഒ 1 | 29-01-2025 | 31-03-2025 |
| ശ്രീ. ശ്രീഹരി കെ എൻ | വി ഇ ഒ 2 | 01-04-2024 | 22-09-2024 |
| ശ്രീ.അജയകുമാർ.ബി.എസ് | വി.ഇ.ഒ 2 | 23-09-2024 | 15-01-2025 |

| | | | |
|---|---|---|---|
| ശ്രീ. ബാബുമോൻ പി. | വി ഇ ഒ 2 | 16-01-2025 | 28-01-2025 |
| ശ്രീ. പ്രജീഷ്.പി | വി.ഇ.ഒ 2 | 29-01-2025 | 02-03-2025 |
| ശ്രീമതി.അഖില രാജേഷ് | വി.ഇ.ഒ 2 | 03-03-2025 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | രേഖകൾ ഹാജരാക്കിയില്ല. | 1-1-4 |
| 6 | രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-5 |
| 7 | ACR പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബാലൻസ് ഷീറ്റ്: രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ഹെൽത്ത് ഗ്രാന്റ്:അവലോകനം | 1-11 |
| 18 | ജലജീവൻ മിഷൻ പദ്ധതി: വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-12 |
| 19 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| 20 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 21 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു. | 1-15 |
| 22 | അനുയോജ്യമല്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് അനുവദിച്ചു. | 1-16 |
| 23 | മാലിന്യം നീക്കം ചെയ്യൽ പദ്ധതികൾ-അപാകതകൾ | 1-17 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -അപാകതകൾ | 1-18 |
| 25 | വയോജനങ്ങൾക്ക് കട്ടിൽ -പട്ടിക ജാതി വിഭാഗം -അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി | 1-19 |
| 26 | വീട് റിപ്പയർ: പൂർത്തിയായില്ല | 1-20 |
| 27 | പട്ടിക ജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വിതരണം ചെയ്തു | 1-21 |
| 28 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവഹണം | 1-22 |
| 29 | അതുല്യം പരിപാടി-അപാകങ്ങൾ | 1-23 |
| 30 | ലൈഫ് ഭവന നിർമാണം: പുരോഗതി ഇല്ല | 1-24 |
| 31 | സ്കൂൾ കുട്ടികൾക്ക് കലാകായിക പ്രോത്സാഹന സഹായം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-25 |
| 32 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-26 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-27 |
| 34 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-28 |
| 35 | വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-29 |
| 36 | ഹോമിയോ മരുന്നുകൾ മുഴുവനും ലഭിച്ചില്ല | 1-30 |

| | | |
|---|---|---|
| 37 | ഐസി.ഡി.എസ് -സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-31 |
| 38 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-പൊതു വിവരങ്ങൾ | 1-32 |
| 39 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മാലിന്യം നീക്കം ചെയ്യൽ പദ്ധതികൾ-അപാകതകൾ | 3-1 |
| 2 | സ്കൂൾകുട്ടികൾക്ക് കലാ കായിക പ്രോത്സാഹന സഹായം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം ;ചെലവുതുക നിരാകരിക്കുന്നു | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് (MEDISEP) - പ്രീമിയം വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മംഗലം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.06.2025 തീയതിയിലെ 1/(2)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 13.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മംഗലം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 26-12-25

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 62(2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (973255/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-14395885/-) തുല്യമല്ല.

## 1-1-4 രേഖകൾ ഹാജരാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

## 1-1-5 രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ RP-4 പ്രകാരമുള്ള താഴെ പരാമർശിക്കുന്ന ഇനങ്ങളിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ഇനം | വാർഷിക കണക്കു പ്രകാരം തുക |
|---|---|---|
| 1. | Registration Fee From Private Hospital And Paramedical Institution | 600 |
| 2. | Licence Fee For Domestic Dogs & Pigs | 300 |
| 3. | Fee For Building Regularisation | 1,352,626 |
| 4. | Permit Fee For Construction Of Buildings | 1,002,677 |

## 1-1-6 ACR പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഫണ്ടുകളിലെ എ.സി.ആർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് + സോഴ്സ് ഡിഡക്ഷൻ | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് [(B-3 Of 2024-25) – (B-3 Of 2023-24) + I-6] | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 7887039 | 7644819 [(271664-271664) + 7644819] | 242220 |
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 28944000 [19706380+ (3809474+3807546+1620600)] | 25136454 [(402477-402477)+ 25136454] | 3807546 |
| ഡെവലപ്മെന്റ് ഫണ്ട് (എസ്.സി.പി ) | 4815000 [3747839+(532496+534665)] | 7555385 | 2740385 |

## 1-1-7 ബാലൻസ് ഷീറ്റ്: രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ബാലൻസ് ഷീറ്റിൽ B11 ഷെഡ്യൂളിൽ ഫിക്സഡ് അസ്സറ്റ് എന്ന പേരിൽ 1,062,478 രൂപ അവശേഷിക്കുന്നു. ആയതിന് ആധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25 ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 1(1)/12.02.2024 | 1(1)/03.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 26799530 |
| വരവ് | 77226852 |
| ആകെ | 104026382 |
| ചെലവ് | 76253597 |
| നീക്കിയിരിപ്പ് | 27772785 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19706380 | 19706380 | 19706380 | 0 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 3747839 | 3747839 | 3747839 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 12953000 | 12953000 | 7887039 | 5065961 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8211000 | 8211000 | 8043082 | 167918 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11486113 | 11486113 | 8025416 | 3460697 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 5097457 | 5097457 | 8803413 | -3705956 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 322 | 215235484 | 153 | 94650067 | 0 | 169 | 47.51% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1160492 | 1160492 | 1154087 | 3473 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 28312799 | 28312799 | 28312799 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2626800 | 154 |
| വിധവാപെൻഷൻ | 19523100 | 1282 |
| വാർദ്ധക്യകാലപെൻഷൻ | 33398300 | 2325 |
| വികലാംഗപെൻഷൻ | 7110700 | 458 |
| വിവാഹ ധനസഹായം | 480000 | 16 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 397200 | 28 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-11-2025ന് 03.40 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37343/- രൂപയുടെ ക്യാഷ് ബാലൻസ് പരിശോധിച്ചു ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2023 -19.01.2023 | 11.11.2022-31.12.2022 | 19.01.2023 |
| എ.ജി ഓഡിറ്റ് | 21.06.2010 – 03.07.2010 | 2005-06 To 2009-10 | 03.08.2010 |

## 1-11 ഹെൽത്ത് ഗ്രാന്റ്:അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻക്വയറി 01/11-11-2025 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം ഇനം തിരിച്ച്)

| വർഷം | സ്കീം -1 Grants For Specific Purposes - Health Grant Towards Buildingless SubcentresPHCs And CHCs | സ്കീം - 3 Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം - 4 Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 0 | 296748 | 162284 | 459032 |
| 2023-24 | 2805500 | 1083640 | 445085 | 4334225 |
| 2024-25 | 93113 | 481261 | 709024 | 1283398 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം സ്കീം ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | 0 | 0 | 0 | 0 |
| 2022-23 | 2775000 | 145834 | 14250 | 2935084 |
| 2023-24 | 0 | 189386 | 216177 | 405563 |
| 2024-25 | 0 | 198372 | 369208 | 567580 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| സ്കീം -1 | സ്കീം -3 | സ്കീം -4 |
|---|---|---|
| 123613 | 1328057 | 716758 |

4) നാളിതുവരെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പേരുവിവരം

| ക്രമ നം. | വർഷം | പ്രോജക്ട് നം | പ്രോജക്ട് പേര് | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2022-23 | 278 | കൂട്ടായി കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിയന്ത്രണ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 145834 | |
| 2 | 2022-23 | 279 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 14250 | |
| 3 | 2022-23 | 335 | ആരോഗ്യ ഉപകേന്ദ്രം: കെട്ടിട നിർമ്മാണം | 2775000 | |
| 4 | 2023-24 | 277 (Spill Over) | കൂട്ടായി കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിയന്ത്രണ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 149632 | |
| 5 | 2023-24 | 278 (Spill Over) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 147927 | |
| 6 | 2023-24 | 336 | രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 39754 | |
| 7 | 2023-24 | 338 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 68250 | |
| 8 | 2024-25 | 354 (Spill Over) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 369208 | |
| 9 | 2024-25 | 355 (Spill Over) | കൂട്ടായി കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിയന്ത്രണ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | 198372 | |

5) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ഇല്ല

(പദ്ധതികളുടെ പേര് വിവരം ചെലവഴിച്ച തുക മുൻ വർഷങ്ങളിൽ പൂർത്തിയായ പദ്ധതി ഉൾപ്പെടെ)
ഇല്ല

കുറിപ്പ് : സ്കീം 1 പ്രകാരം (2022-23) ലഭ്യമായ 2775000 രൂപ സബ് സെന്ററിന് ഭൂമി ലഭ്യമാകാത്തതിനാൽ തിരിച്ചടച്ചിട്ടുണ്ട്.

## 1-12 ജലജീവൻ മിഷൻ പദ്ധതി: വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 02/11.11.2025 നു സ്ഥാപന മേധാവി ലഭ്യമാക്കിയ വിവരങ്ങളെ ആസ്പദമാക്കിയുള്ള അവലോകനം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായ 15% വാട്ടർ അതോറിറ്റിക്ക് കൈമാറിയ വിവരം.

| വർഷം | കൈമാറിയ തുക |
|---|---|
| 2021-22 | 0 |
| 2022-23 | 0 |
| 2023-24 | 0 |
| 2024-25 | 0 |

2) പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് 10% ഗുണഭോക്തൃ വിഹിതം കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

| വർഷം | തുക |
|---|---|
| 2021-22 | NIL |
| 2022-23 | NIL |
| 2023-24 | NIL |
| 2024-25 | NIL |

3) ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരം.

ഇല്ല

4) ജലജീവൻ മിഷൻ പദ്ധതിക്കായി തുക വകയിരുത്തുന്നതിന് ഭരണ സമിതി തീരുമാനം എടുത്തിട്ടില്ല/ ഡിമാന്റ് ലഭ്യമായിട്ടില്ല

5) തുക വകയിരുത്തിയിട്ടും ആയത് കൈമാറിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണമായി

ട്രൈ പാർട്ടി എഗ്രിമെന്റ് പ്രകാരം പ്രവർത്തികൾ പൂർത്തീകരിച്ച് ജില്ലാതലത്തിൽ നിന്നും റിക്വിസിഷൻ ലഭ്യമാകുന്ന മുറക്ക് തുക അനുവദിക്കുന്നതാണ് എന്നും 2024-25 ൽ ആയത് ലഭ്യമായിട്ടില്ല എന്നുമാണ് ഗ്രാമപഞ്ചായത്ത് വിവരം ലഭ്യമാക്കിയത്

6) തുക വകയിരുത്തി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, പൂർത്തിയായവ, പൂർത്തിയാകാത്തത്, ഭാഗികമായി പൂർത്തിയായത് എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുക.

ബാധകമല്ല

| പദ്ധതികളുടെ എണ്ണം | പൂർത്തിയായവ | പൂർത്തിയാകാത്തത് | ഭാഗികമായി പൂർത്തിയായത് |
|---|---|---|---|
| NIL | - | - | - |
| | | | |

7) ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നന്ന് നാളിതുവരെ പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ?

ഇല്ല

## 1-13 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും, 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023 ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD, തിയതി: 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ,ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/ മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും രേഖകൾ സഹിതം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/13.11.2025) മംഗലം പഞ്ചായത്തിലെ ആകെയുള്ള 11887 കെട്ടിടങ്ങളുടേയും വിവരശേഖരണം നിശ്ചിത യോഗ്യതയുള്ള ഫീൽഡ് തല ഉദ്യോഗസ്ഥരെ നിയമിച്ച്

എല്ലാ വാർഡുകളിലേയും വിവരങ്ങൾ നേരിട്ട് സ്ഥലപരിശോധന നടത്തി നിശ്ചിത ഫോറത്തിൽ ശേഖരിച്ചിട്ടുള്ളതും ആയത് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുള്ളതുമാണ്. നിലവിലുള്ള കെട്ടിടങ്ങളുടെ ഘടനാപരമായ മാറ്റം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കെ-സ്മാർട്ടിൽ സൗകര്യം ലഭ്യമാകുന്ന മുറക്ക് മുഴുവൻ കെട്ടിടങ്ങളുടേയും കെട്ടിട നികുതി പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. എന്നാൽ കളക്ട് ചെയ്ത വിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കെ-സ്മാർട്ടിൽ ഓപ്ഷൻ ലഭ്യമാകുന്ന മുറക്ക് മറുപടിയിൽ പരാമർശിച്ച പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി, വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, ഡോക്ടർമാർ, വൈദ്യൻമാർ, സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ എന്നിവരുടെ ഡാറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2.ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതതിന്റെയോ അതിന് സ്വീകരിച്ച നടപടികളുടെയോ രേഖകൾ ഹാജരാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ലാബുകൾ , ക്ലിനിക്കുകൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്.

3.2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ ,ILGMS ലെ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ, തിയ്യതി |
|---|---|---|---|---|
| 1. | 67 | ശ്വേതാരണ്യ ആയുർവേദാശ്രമം | 8 | 400920/RPTL20/GPO/2024/2024 15.04.2024 |
| 2. | 11 | സ്വർണ്ണം,വെള്ളി വ്യാപാരം | 10 | 400920/RPTL20/GPO/2024/1693 11.03.2024 |
| 3. | 215 | എസ്.പി.ഫർണിച്ചർ | ലഭ്യമല്ല | ലഭ്യമല്ല |
| 4. | 40 | ഐ ഹബ് ദ കംപ്ലീറ്റ് | ലഭ്യമല്ല | ലഭ്യമല്ല |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി അറിയിക്കേണ്ടതുമാണ്.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/13.11.2025) മറുപടിയായി സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

## 1-15 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ

രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിക്കപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ മേൽ ചട്ടപ്രകാരമുള്ള പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായോ പുതുക്കിയതായോ കാണുന്നില്ല.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് & ഡോർ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1. | 46 | 7/41A,B,C | ദയ ഹെൽത്ത് ക്ലിനിക്, മംഗലം |
| 2. | 80 | 12/146 | തീർത്ഥം ആയുർവേദ ചികിത്സ |
| 3. | 116 | 5/42C | ആർ എം ലാബ്സ്, ലബോറട്ടറി |

പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടാതെ ലൈസൻസ് അനുവദിച്ചതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും മറുപടി നൽകേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/17.11.2025) മറുപടിയായി ക്രമ നമ്പർ. 1, 3 എന്നിവ ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് അറിയിപ്പ് നൽകിയതിനാൽ രജിസ്ട്രേഷൻ പുതുക്കിയതായി അറിയിച്ചു. ക്രമ നമ്പർ. 2 സ്ഥാപനം നിലവിൽ ചികിത്സാ കേന്ദ്രമായി പ്രവർത്തിക്കുന്നില്ല എന്നും അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ എടുത്തിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 അനുയോജ്യമല്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് അനുവദിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016-ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും നേടിയിരിക്കേണ്ടതാണെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.
2024-25 സാമ്പത്തിക വർഷത്തിൽ മംഗലം ഗ്രാമ പഞ്ചായത്തിലെ 17 സ്കൂളുകളിൽ നിന്നും ഫിറ്റ്നസ്സിനുള്ള അപേക്ഷ ലഭിച്ചതിൽ SHMUP School , Kuttayi ഒഴികെ എല്ലാ സ്കൂളുകളും പഞ്ചായത്ത് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉള്ള ഏരിയയും സ്കൂൾ അധികൃതർ നല്കിയ ഏരിയയും തമ്മിൽ വ്യത്യാസമുള്ളതായി അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ മംഗലം ഗ്രാമ പഞ്ചായത്തിന്റെ 20.05.2024 ന് ചേർന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിലെ സാധാരണ മീറ്റിംഗിലെ IV(II) നമ്പർ തീരുമാന പ്രകാരം സ്കൂൾ തുറക്കേണ്ട വേളയിൽ ഫിറ്റ്നസ്സ് നല്കേണ്ടത് അനിവാര്യമാണെന്ന പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ്സ് നൽകാതെ വരുന്നതു വഴി ഒട്ടനവധി അധ്യാപകരുടെ ശമ്പളം തടസ്സപ്പെടുമെന്ന സാഹചര്യത്തിലും പഞ്ചായത്തിന്റെ വസ്തുനികുതി രജിസ്റ്ററിൽ നമ്പർ രേഖപ്പെടുത്തിയിട്ടുള്ളതും നാളിതുവരെ ഫിറ്റ്നസ്സ് നൽകി വരുന്നതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് അനുവദിക്കുന്നതിന് അസ്സിസ്റ്റന്റ് എഞ്ചിനീയറോട് നിർദ്ദേശിക്കുകയും അടുത്ത നാല് മാസത്തിനുള്ളിൽ രേഖകൾ വസ്തു നികുതി നിർണ്ണയ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നതിന് നടപടി കൈക്കൊള്ളുന്നതിന് സ്കൂൾ മാനേജർ, ഹെഡ് മാസ്റ്റർ എന്നിവരോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.
മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ്സ് ഉറപ്പു വരുത്താതെ തന്നെ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് നൽകിയിട്ടുണ്ട്. തുടർന്ന് സ്കൂളുകൾ ഫിറ്റ്നസ്സ് കൈവരിച്ചതായി പരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ഫിറ്റ്നസ്സ് നൽകിയത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിറ്റ്നസ് അപേക്ഷ ലഭിച്ചവയിൽ 15 സ്കൂളുകളുടെ അധികമുള്ള ഏരിയ ക്രമവൽക്കരിക്കുന്നതിനും അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുകയും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 മാലിന്യം നീക്കം ചെയ്യൽ പദ്ധതികൾ-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 318/25 |
| പ്രൊജക്ടിന്റെ പേര് | എം.സി.എഫ് മാലിന്യം നീക്കം ചെയ്യൽ |
| അടങ്കൽ തുക | 784077/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |

| | | |
|---|---|---|
| വിനിയോഗിച്ച തുക | | 784077/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 1. | XVFC/2024-25/P/14/11.11.2024 – 269280/-രൂപ. |
| | 2. | XVFC/2024-25/P/32/04.01.2025 – 119360/-രൂപ. |
| | 3. | XVFC/2024-25/P/42/10.02.2025 – 74800/-രൂപ. |
| | 4. | XVFC/2024-25/P/46/15.02.2025 – 88400/-രൂപ. |
| | 5. | XVFC/2024-25/P/77/23.03.2025 – 182400/-രൂപ. |
| | 6. | XVFC/2024-25/P/116/30.03.2025 – 49837/- രൂപ. |

2.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | | 106/25 |
| പ്രൊജക്ടിന്റെ പേര് | | ഹരിത കർമ്മ സേന മാലിന്യം നീക്കം ചെയ്യൽ |
| അടങ്കൽ തുക | | 322000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| വിനിയോഗിച്ച തുക | | 321440/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 1. | XVFC/2024-25/P/2/24.06.2024 – 188480/-രൂപ. |
| | 2. | XVFC/2024-25/P/9/02.09.2024 – 80560/-രൂപ. |
| | 3. | XVFC/2024-25/P/18/18.11.2024 – 52400/-രൂപ. |

മംഗലം ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പരാമർശിച്ച പദ്ധതികൾക്ക് Green Worms Eco Solutions LLP, വെസ്റ്റ് ഹിൽ എന്ന സ്ഥാപനത്തിന് 8രൂപ/Kg നിരക്കിൽ 12.07.2024 ന് കരാറിലേർപ്പെടുകയും മാലിന്യം നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ MOVENPRO, Enviro Solutions LLP, GREENWORMS Eco Solutions LLP എന്നീ 2 സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. MOVENPRO എന്ന സ്ഥാപനം 7രൂപ + GST /Kg തുകയും , Green Worms Eco Solutions LLP എന്ന സ്ഥാപനം 8 രൂപ /Kg എന്നുമാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രൊക്വയർമെന്റ് മാർഗ്ഗരേഖ ജി.ഒ(പി) 259/2010 തസ്വഭവ. തീയതി, 08/11/2010 പ്രകാരം 1 ലക്ഷത്തിന് മുകളിലുള്ളവക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 03.10.2022 ലെ JC-MPLM/643/2022-M4 നമ്പർ കത്ത് പ്രകാരം പാഴ് വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ കിലോക്ക് 7 രൂപ കോട്ട് ചെയ്ത MOVENPRO എന്ന സ്ഥാപനവുമായി കരാർ ചമക്കാതെ കൂടിയ നിരക്കായ കിലോക്ക് 8 രൂപ നിരക്കിൽ GREENWORMS എന്ന സ്ഥാപനവുമായി കരാർ ചമക്കുകയും ചെയ്തിതിട്ടുണ്ട്. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന് 1,38,189 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/14.11.2025) പഞ്ചായത്തിലെ എം.സി.എഫിൽ നിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ശുചിത്വ മിഷൻ എം പാനൽ ചെയ്ത ഏജൻസികളിൽ നിന്നും ക്ഷണിച്ച താല്പര്യപത്ര പ്രകാരം മൂവെൺ പ്രോ എന്ന സ്ഥാപനം സമർപ്പിച്ച കിലോയ്ക്ക് 7 രൂപ+ ജി.എസ്.ടി എന്ന നിരക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതി പരിഗണിച്ചിരുന്നു. എന്നാൽ പഞ്ചായത്തിലെ എം.സി.എഫിൽ നിന്നുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സൗകര്യങ്ങളോ വലിയ അളവിലുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പരിചയമോ പ്രസ്തുത സ്ഥാപനത്തിനില്ല എന്ന് ഭരണസമിതി വിലയിരുത്തി എന്നും മാലിന്യം നീക്കം ചെയ്യുന്നതിന് ഇല്ലാത്ത ജി.എസ്.ടി ക്വാട്ട് ചെയ്തത് തന്നെ പരിചയക്കുറവിന്റെ തെളിവാണ് എന്നും, ജില്ലയിൽ മറ്റ് പഞ്ചായത്തുകളിൽ ഒരിടത്ത് നിന്നും പ്രസ്തുത സ്ഥാപനം മാലിന്യം നീക്കം ചെയ്യുന്നതായും അറിവില്ല എന്നും, എം.സി.എഫിൽ നിന്നുള്ള മാലിന്യനീക്കം കൃത്യമായ ഇടവേളകളിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയായതിനാൽ താല്പര്യപത്രം ക്ഷണിക്കുന്ന വേളയിൽ പരാതികളില്ലാതെ സമയബന്ധിതമായി മാലിന്യം നീക്കം ചെയ്തിരുന്നത് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണ രംഗത്തെ പരിചയവും, സംഭരണ സംസ്കരണ സംവിധാനങ്ങളും, സിമന്റ് ഫാക്ടറികളുമായുള്ള ധാരണാപത്രങ്ങളും പരിഗണിച്ച് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ കിലോയ്ക്ക് 8 രൂപാ നിരക്ക് സ്വീകരിക്കാനാണ് 11/07/2024 ന് ചേർന്ന ഭരണ സമിതി 4(2) നമ്പറായി തീരുമാനമെടുത്തിട്ടുള്ളത് എന്നും ഭരണസമിതിയുടെ പ്രസ്തുത തീരുമാനപ്രകാരമാണ് ഗ്രീൻ വേംസ് ഇക്കോസൊല്യൂഷൻസ് എന്ന സ്ഥാപനവുമായി കരാർ വച്ചതും എം.സി.എഫിൽ നിന്നുള്ള മാലിന്യ നീക്കത്തിന് തുക അനുവദിച്ചിട്ടുള്ളതും.

സമയബന്ധിതമായും കൃത്യമായും മാലിന്യം നീക്കം ചെയ്യുന്നത് മൂലം 80% ൽ അധികം യൂസർ ഫീ പൊതുജനങ്ങളിൽ നിന്നും ലഭിക്കുകയും ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനം ലഭിക്കുകയും ചെയ്തുവരുന്നു എന്നും, പഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ടെണ്ടർ നടപടികളിലെ അപാകത കാരണം ഗ്രാമപഞ്ചായത്തിന് ആകെ കയറ്റിയയച്ച 138189 കി.ഗ്രാമിന് 1 രൂപ എന്ന കണക്കിൽ ആകെ 1,38,189 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നത് വ്യക്തമാണെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ലാത്തതാണ്. ഗ്രീൻ വേംസുമായി കരാറിൽ ഏർപ്പെട്ടത് 12/7/2024 നാണ്. എന്നാൽ 24/6/2024 ന് തന്നെ തുക കൈമാറിയിട്ടുള്ളതായി കാണുന്നു. ഈ നടപടിയും ക്രമത്തിലല്ല. അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ടതുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 161/25 | |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | |
| അടങ്കൽ തുക | 600000/- രൂപ (എസ്.സി.പി) | |
| വിനിയോഗിച്ച തുക | 370000/- രൂപ. | |
| ബിൽ നമ്പർ / തിയ്യതി | 1. | 24150552029201602705/20.03.2025 – 110000/-രൂപ. |
| | 2. | 24150552029201489370/11.03.2025 – 80000/-രൂപ. |
| | 3. | 24150552029201362622/21.02.2025 – 60000/-രൂപ. |
| | 4. | 24150552029201333807/15.02.2025 – 60000/-രൂപ. |
| | 5. | 24150552029201134190/06.01.2025 – 60000/-രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |

മേൽ പരാമർശിച്ച പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് താഴെ പറയുന്ന പ്രകാരം തുക നല്കിയിട്ടുണ്ട്. എന്നാൽ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതായോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയതായോ ഉള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായി കരാർ ചമച്ചെങ്കിലും അതിൽ പൂർത്തീകരിക്കേണ്ട കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ്/ വിദ്യാർത്ഥിയുടെ പേര് വിലാസം | ആകെ നൽകിയ തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1 | തനിയ .ടി.പി, തലയനാട്ട് പറമ്പിൽ (വീട്), കാവഞ്ചേരി പി.ഒ | 170000 |

| | | |
|---|---|---|
| 2 | **ദീക്ഷിത് ദിനേശൻ.കെ ,കുന്നത്ത് ഹൗസ്, പുല്ലൂണി, മംഗലം** | 30000 |

| | | |
|---|---|---|
| **3** | **അനഘ കൃഷ്ണ എം ,മുനയത്ത് വീട്, മുട്ടനൂർ പി.ഒ** | 170000 |

മേൽ അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/14.11.2025) ക്രമ നമ്പർ 1 ൽ പരാമർശിച്ച തനിയ .ടി.പി എന്നവരുടെ പഠനമുറി നിർമ്മാണം 2025-26 വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 2 ൽ പരാമർശിച്ച ദീക്ഷിത് ദിനേശൻ എന്നവരുടെ പ്രവർത്തി മേൽക്കൂര വരെ പൂർത്തീകരിച്ച വിവരവും, വികസന ഫണ്ടിന്റെ ലഭ്യതകുറവു മൂലമാണ് പ്രവർത്തി നീണ്ടുപോയിട്ടുള്ളതെന്നും കരാറുകളിൽ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കേണ്ട കാലാവധി വരും വർഷങ്ങളിൽ ഉൾപ്പെടുത്താമെന്നും മറുപടി നൽകി. ആയതിന് രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ക്രമ നമ്പർ 3 -ൽ അനഘ കൃഷ്ണ എം എന്നവരുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ കരാറിൽ ഏർപ്പെടുന്ന ഗുണഭോക്താക്കളുമായി കരാർ ചമക്കുമ്പോൾ പൂർത്തീകരിക്കേണ്ട കാലാവധി രേഖപ്പെടുത്തേണ്ടതും ക്രമ നമ്പർ 2,3 എന്നിവരുടെ പഠനമുറി നിർമ്മാണ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 വയോജനങ്ങൾക്ക് കട്ടിൽ -പട്ടിക ജാതി വിഭാഗം -അർഹത ഉറപ്പാക്കാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 163/25 |
| പ്രൊജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ -പട്ടിക ജാതി വിഭാഗം |
| അടങ്കൽ തുക | 67500/- രൂപ (എസ്.സി.പി) |
| വിനിയോഗിച്ച തുക | 34490/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 2415055202920167196б/ 24.03.2025 – 34490/-രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പരാമർശിച്ച പദ്ധതി പ്രകാരം കുറ്റൂർ വുഡ് ഇൻഡസ്ട്രീസ് (ഇൻവോയിസ് നമ്പർ-KWI/24-25/32/23.03.2025) എന്ന സ്ഥാപനത്തിൽ നിന്നും 10 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ മാർഗരേഖ (സ.ഉ.(കൈ.)നം.115/2022/LSGD, തിയ്യതി 28.05.2022, ഖണ്ഡിക നമ്പർ.7.1.14(2)) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധന രോഗികൾക്കും കട്ടിൽ നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെ പറയുന്ന 2 ഗുണഭോക്താക്കൾ ഗുണഭോക്തൃ പട്ടിക അംഗീകരിക്കുമ്പോഴോ ആനുകൂല്യം നൽകുമ്പോഴോ 60 വയസ്സ് പൂർത്തികരിച്ചതായി കാണുന്നില്ല. ശയ്യാവലംബരായ വയോജനങ്ങളാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടില്ല. കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ്/ ആധാർ നമ്പർ | ജനന തിയ്യതി (ആധാർ കാർഡ് പ്രകാരം ) |
|---|---|---|
| | | |

| | | |
|---|---|---|
| **1** | **തങ്കമണി തേറാട്ടിൽ/ 905047054770** | 01.01.1966 |

| | | |
|---|---|---|
| 2 | **വാസു കുന്താണി പടിക്കൽ** /762168961299 | 01.01.1965 |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/14.11.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1-ലെ തങ്കമണി തേറാട്ടിൽ എന്ന വ്യക്തിക്ക് റേഷൻ കാർഡ് പ്രകാരം 65 വയസ് പ്രായമുണ്ടെന്നും അതിന്റെ കോപ്പി ഹാജരാക്കുകയും ക്രമ നമ്പർ 2-ലെ വാസു കുന്താണിപടിക്കൽ എന്ന വ്യക്തിക്ക് ആനുകൂല്യം നൽകിയ സമയത്ത് 60 വയസ് പൂർത്തിയായിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ പദ്ധതി രൂപീകരണ സമയത്ത് 60 വയസ് പൂർത്തിയായതായി നിർവഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതായിരുന്നു. ഈ പദ്ധതി നിർവഹണത്തിൽ ആയത് പാലിക്കപ്പെട്ടിട്ടില്ല, കൂടാതെ വാങ്ങിയ കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളെകുറിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല. സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 വീട് റിപ്പയർ: പൂർത്തിയായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതിയുടെ പേര് | വീട് റിപ്പയർ ജനറൽ |
| പ്രൊജക്ട് നം. | 13/25 |
| അടങ്കൽ- 1386000 | 1500000-പ്ലാൻ ഫണ്ട് |
| ചെലവ്: | 775000 |

മേൽ പദ്ധതി പ്രകാരം ആദ്യ ഗഡുവായി 25000 രൂപ വീതം കൈപറ്റിയ താഴെ കൊടുത്ത ഗുണ ഭോക്താക്കൾ ഭവന റിപ്പയർ പ്രവർത്തി പൂർത്തീകരിച്ചതിന്റെയോ അവർക്ക് അവസാന ഗഡു വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പേര്,വിലാസം | വാർഡ് | ആദ്യ ഗഡു തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീമതി ഉമ്മൂട്ടി W/O ഇബ്രാഹിംകുട്ടി കുന്നത്ത് | 18 | 11.3.25 | വാലുവേഷൻ ലഭ്യമായില്ല |
| 2 | ശ്രീ അബു കോയക്കുട്ടി S/O മുഹമ്മദ് കുട്ടി ചോലക്കൽ | 12 | 11.3.25 | വാലുവേഷൻ ലഭ്യമായില്ല |
| 3 | ശ്രീമതി സമീറ W/O നൂറുൽ അമീൻ തൊട്ടിയിൽ, മംഗലം | 7 | 11.3.25 | വാലുവേഷൻ ലഭ്യമായില്ല |
| 4 | ശ്രീമതി ശാന്ത W/O സുന്ദരൻ മാമ്പറ്റ | 12 | 11.3.25 | വാലുവേഷൻ ലഭ്യമായില്ല |
| 5 | ശ്രീമതി റിയ W/O സുമേഷ് വീട്ടിൽ വളപ്പിൽ മംഗലം | 2 | 11.3.25 | വാലുവേഷൻ ലഭ്യമായില്ല |
| | ശ്രീമതി ലക്ഷ്മി W/O നാരായണൻ കാക്കശ്ശേരി കാവഞ്ചേരി,മംഗലം | 9 | 11.3.25 | വാലുവേഷൻ ലഭ്യമായില്ല |

നിലവിൽ മേൽ ഗുണഭോക്താക്കളിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു വിതരണം ചെയ്തിട്ടുള്ള പക്ഷം വിശദാംശം രേഖാമൂലം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ അഡ്വാൻസ് നല്കുമ്പോൾ കരാർ ചമക്കേണ്ടതാണെങ്കിലും ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുമായി ചമക്കപ്പെട്ട കരാറിൽ വ്യവസ്ഥകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. അപാകതക്ക് വിശദീകരണം നല്കേണ്ടതും, കരാർ ചമക്കാത്ത സാഹചര്യത്തിൽ അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ കരാർ ലംഘിക്കുന്ന പക്ഷം എത്തരത്തിലാണ് നഷ്ട തുക ഈടാക്കപ്പെടുക/നിയമ നടപടി സ്വീകരിക്കുക എന്നത് സംബന്ധിച്ച വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 28/15.11.2025 നു മറുപടി ലഭ്യമായിട്ടില്ല.

## 1-21 പട്ടിക ജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം-മാർഗ്ഗ രേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വിതരണം ചെയ്തു

| | |
|---|---|
| പ്രൊജക്റ്റിന്റെപേര് | പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (38/2025) |
| അടങ്കൽ | 8,11,800(എസ്.സ്.പി) |
| ആകെ ചെലവ് | 8,11,800 |
| ബിൽനം&തീയതി | 24150552041601233004/27.1.2025: 4,42,000<br>24150552041601596543/19.3.2025: 3,69,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

മേൽ പദ്ധതി പ്രകാരം പട്ടിക ജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് 22 ലാപ് ടോപ്പ് Legendary Disributors,മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽനം&തീയതി | ഇൻവോയിസ് നം | തുക | ലാപ് ടോപ്പ് എണ്ണം |
|---|---|---|---|---|
| 1 | 24150552041601233004/27.1.2025: 4,42,000 | MLP/900187/24-25: 24.1.25 | 4,42,000 | 12 |
| 2 | 24150552041601596543/19.3.2025: 3,69,000 | MLP/900235/24-25: 31.3.25 | 3,69,000 | 10 |

സ.ഉ.കൈ.നം.115/2022/Lത.സ്വ.ഭ.വ.തീയതി: 28.05.2022 നമ്പർ സർക്കാർ മാർഗ്ഗരേഖയിലെ 7.2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം ബിരുദം,ബിരുദാനന്തര ബിരുദം, പോളിടെക്നിക്(ഡിപ്ലോമ), എഞ്ചിനീയറിംഗ്, അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർസയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയിഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് അനുവദിക്കാവുന്നതാണ്. എന്നാൽ മേല്പറഞ്ഞ കോഴ്സുകളിൽ ഉൾപ്പെടാത്ത താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് അനുവദിച്ചിട്ടുണ്ട്. വിശദാശം ചുവടെ ചേർക്കുന്നു.

| ക്രമനം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സിന്റെ പേര് |
|---|---|---|
| 1 | കിരൺ.എം | Tally With Automation Calculus,College Of Accounting & IT,തിരൂർ |
| 2 | ദർശന വി.സി | നേഴ്സിംഗ് അസിസ്റ്റന്റ് കോഴ്സ്, ERAM SKILLS, Academy, Kunnamkulam |
| 3 | നന്ദന.പി | Diploma In Data Entry-4 Months Course<br>G-Tec Computer Education, ആലത്തിയൂർ, തിരൂർ |

മേല്പറഞ്ഞ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്തതിന് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/13.11.2025) നല്കിയതിന് മറുപടിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ യോഗ്യത ഉണ്ടായിരുന്നു എന്നാണ്. എന്നാൽ ആയതിന് രേഖകൾ ഹാജരാക്കിയില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അതുവരെ 3 ലാപ് ടോപ്പിന്റെ വിലയായ 1,10,499/- രൂപ തടസ്സം ചെയ്യുന്നു.

## 1-22 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവഹണം

| പ്രോജക്ട് നം, പേര് | അടങ്കൽ തുക | ബിൽനം.തീയതി&തുക | ആകെ ചെലവ് |
|---|---|---|---|
| 39/25<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ(New) | 1,00,000 (SCP) | 24150552041601529131/ 13.3.2025: 40,000/-രൂപ<br>24150552041601184089/ 16.1.25: 60,000/- രൂപ<br>ARTCO LTD. മലപ്പുറം | 1,00,000 |

| | | | |
|---|---|---|---|
| | | ഇൻവോയിസ്No.24-25/Mpm 413/12.3.25:30,000<br>ഇൻവോയിസ്No.24-25/Mpm 412/12.3.25:10,000/-<br>ഇൻവോയിസ്No.24-25/Mpm 215/15.1.25:60,000/- | |

ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ എന്ന പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകം കാണുന്നു.

സ.ഉ.(കൈ)നം.115/2022 ത.സ്വ.ഭ.വ തീയതി 28.5.2022 നമ്പർ സർക്കാർ മാർഗ്ഗരേഖയിലെ 7.2.6 നമ്പർ വ്യവസ്ഥ പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (മരം/സ്റ്റീൽ) ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങി നല്കാവുന്നതാണ്. സ്കൂൾ അധികൃതരിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരം ഫർണ്ണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന നല്കണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമെ ഈ ആനുകൂല്യം നൽകുവാൻ പാടുള്ളൂ. എന്നാൽ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കിയ രേഖകളിൽ മേൽ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല. പ്രസ്തുത പദ്ധതിയിലെ ഫർണ്ണീച്ചറുകൾ പഞ്ചായത്തിൽ നിന്നാണ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിന്റെ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിൽ മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/13.11.25) നല്കിയതിന് മറുപടിയിൽ ഹെഡ് മാസ്റ്റർ തന്നെ വിതരണം നടത്തിയിട്ടുള്ളതായി പറയുന്നുണ്ടെങ്കിലും രേഖകൾ അപ്രകാരമല്ല. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അതുല്യം പരിപാടി-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 37/25 അതുല്യം പരിപാടി |
| അടങ്കൽ | തനത് ഫണ്ട്:50,000/- |
| വൗച്ചർ നം.തീയതി&തുക | 22401227/24.3.25:40620 |
| ആകെ ചെലവ് | 40,620/-(തനത് ഫണ്ട്) |

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ അതുല്യം പരിപാടി എന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പത്താം തരം തുല്യത പരീക്ഷയ്ക്ക് 20870/-(10പേർ) രൂപയും പ്ലസ് വൺ തുതൃത പരീക്ഷയ്ക്ക് 8250/-(3പേർ) ,പ്ലസ് ടു തുല്യത പരീക്ഷയ്ക്ക് 11500(5X2300) രൂപയും കേരള സംസ്ഥാന സാക്ഷരതാ മിഷന് നല്കിയിട്ടുണ്ട്.മേല്പറഞ്ഞ പരീക്ഷകൾക്ക് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും പഠിതാക്കൾ പരീക്ഷയെഴുതിയതിന്റെയും പഠനം പൂർത്തീകരിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല.

2.അധികം തുക അനുവദിച്ചു.

പത്താം തരം തുല്യത പരീക്ഷയുടെ ഫീസ് നിരക്ക് 1950 രൂപയും പ്ലസ് വൺ തുല്യത പരീക്ഷയുടെ ഫീസ് നിരക്ക് 2600 രൂപയും ആണ്.എന്നാൽ പഠിതാക്കൾക്ക് നൽകിയ തുക താഴെ പറയും പ്രകാരമാണ്.

| ക്രമ നം | പേര് | അനുവദിച്ച ഫീസ് | അർഹപ്പെട്ട ഫീസ് | അധികം അനുവദിച്ച തുക |
|---|---|---|---|---|
| 1 | ഹാജറ | 2000 | 1950 | 50 |
| 2 | സാബിറ | 2000 | 1950 | 50 |
| 3 | ഫാത്തിമത്ത് സുഹ്റ | 2220 | 1950 | 270 |
| 4 | സഫീന.ടി.പി | 2150 | 1950 | 200 |
| 5 | ഫൗസിയ.കെ.ടി | 2150 | 1950 | 200 |
| 6 | ഉമ്മുകുല്ലു.പി | 2150 | 1950 | 200 |
| 7 | റിയ.കെവി | 2150 | 1950 | 200 |
| 8 | ഫൗസിയ പി.പി | 2150 | 1950 | 200 |
| 9 | ജസീറ.സി.കെ(പ്ലസ് വൺ) | 2800 | 2600 | 200 |
| 10 | നളിനി.ഇ.എപ്ലസ് വൺ) | 2650 | 2600 | 50 |
| 11 | അനസിതപ്ലസ് വൺ) | 2800 | 2600 | 200 |

| | ആകെ | | | 1820 |
|---|---|---|---|---|

മേല്പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതിന്(നം. 6/13-11-25) മറുപടിയായി പരീക്ഷ എഴുതി എന്ന് ഉറപ്പ് വരുത്തുന്നതിനാലാണ് റീ ഇമ്പേഴ്സ് ചെയ്യുന്ന രീതി സ്വീകരിച്ചതെന്നും ആയതിനാലാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നുമാണ്. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന നിർമാണം: പുരോഗതി ഇല്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ | |
| പദ്ധതിയുടെ പേര് | ലൈഫ് ജനറൽ | |
| പ്രൊജക്ട് നം. | 8/25 | |
| അടങ്കൽ | തുക | ഫണ്ട് |
| | 8357126 | പ്ലാൻ ഫണ്ട് |
| | 25000000 | സംസ്ഥാന വിഹിതം |
| | 5070000 | ബ്ലോക്ക് വിഹിതം |
| | 8283380 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 55000000 | മറ്റുള്ളവ |
| ആകെ | 101710506 | |
| ചെലവ് | 6646000 | പ്ലാൻ ഫണ്ട് |
| | 6560000 | സംസ്ഥാന വിഹിതം |
| | 1100000 | ബ്ലോക്ക് വിഹിതം |
| | 800000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | 9365000 | മറ്റുള്ളവ |
| ആകെ | 24471000 | |

വി.ഇ.ഒ നിർവഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ലഭ്യമായ രേഖകളും ഫയലുകലും പരിശോധിച്ചതിൽ ഭവന നിർമാണത്തിനായി ആദ്യ ഗഡു ധനസഹായം കൈപറ്റിയ താഴെ കാണുന്ന ഗുണഭോക്താക്കൾ വീട് പൂർത്തിയാക്കാൻ കരാർ പ്രകാരം വ്യവസ്ഥ വെച്ച കാലാവധി തീർന്നിട്ടും തുടർ ഘട്ട പ്രവർത്തികൾ പൂർത്തിയാക്കിയതായോ അവർക്ക് രണ്ടാം ഗഡു മുതൽ ഉള്ള ധന സഹായം നല്കിയതായോ കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവ് / ഭർത്താവിന്റെ പേര് | വാർഡ് | കൈപറ്റിയ തുക | ശേഷിക്കുന്നത് | ഫണ്ടിനം | തുക നല്കിയ തിയതി- |
|---|---|---|---|---|---|---|
| 1 | ശ്രീമതി ഫൈറൂസ W/O അൻവർ അസൈനാരെ പുരക്കൽ,കൂട്ടായി | 17 | 100000 | 300000 | ഹഡ്കോ | 4.1.24 |
| 2 | ശ്രീമതി മറിയം ബീവി W/O ബീരാൻകുട്ടി നടുക്കണ്ടിയിൽ,കൂട്ടായി | 15 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 3 | ശ്രീമതി. മഹിജാബി W/O റസാഖ് പുത്തൻപുരയിൽ കൂട്ടായി | 15 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 4 | ശ്രീമതി. സീനത്ത് W/O മുഹമ്മദ് ഷാഫി ചാലിപ്പറമ്പിൽ മംഗലം | 8 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 5 | ശ്രീമതി. ഫാത്തിമ W/O നാസർ മമീറ്റിന്റെ പുരക്കൽ,കൂട്ടായി | 15 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 6 | ശ്രീമതി റസീന W/O സൈനുൽ ആബിദ് അരയന്റെപുരയ്ക്കൽ,കൂട്ടായി | 18 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 7 | ശ്രീമതി തസ്ലീന W/O സൈനുദ്ദീൻ,കുപ്പന്റെ പുരക്കൽ | 20 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 8 | ശ്രീമതി സംസാദ് W/O മൂസ | 1 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |

| | | | | | | |
|---|---|---|---|---|---|---|
| | ചെക്കൻറാട്ടിൽ,കൂട്ടായി | | | | | |
| 9 | ശ്രീമതി സുജാത W/O സായിമനോഹർ,വീട്ടിൽ വളപ്പിൽ,മംഗലം | 15 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |
| 10 | ശ്രീമതി ചന്ദ്രിക, കുന്നനാത്തിൽ ഹൗസ് | 14 | 40000 | 360000 | സംസ്ഥാന വിഹിതം | 11.11.24 |

മേൽ ഗുണഭോക്താക്കളിൽ ഭവന നിർമാണത്തിന്റെ തുടർ ഘട്ടങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും തുടർ ഗഡുക്കൾ വിതരണം ചെയ്യിട്ടുള്ള പക്ഷം ആയതിന്റെയും തുടർ പ്രവർത്തങ്ങൾ നിർത്തിവെച്ചവരിൽ നിന്നു അഡ്വാൻസ് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചെങ്കിൽ ആയതിന്റെയും വിശദാംശം രേഖാമൂലം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിർമാണം പൂർത്തിയായവ യഥാസമയം ബന്ധപ്പെട്ട രജിസ്റ്ററിൽ പൂർത്തിയായതായി രേഖപ്പെടുത്തി തിയതി സഹിതം സാക്ഷ്യപ്പെടുത്തുകയോ വീട് നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ ചിത്രങ്ങൾ, പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിക്കുകയോ ചെയ്യു വരുന്നില്ല. മറുപടി നല്കേണ്ടതാണ്/നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണെന്നറിയിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 30/17.11.2025) മറുപടി ലഭ്യമായിട്ടില്ല.

## 1-25 സ്കൂൾ കുട്ടികൾക്ക് കലാകായിക പ്രോത്സാഹന സഹായം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| പ്രോജക്ട് നം, പേര് | അടങ്കൽ തുക | വൗച്ചർ/ ബിൽനം.തീയതി&തുക | ആകെ ചെലവ് |
|---|---|---|---|
| 148/25 സ്കൂൾകുട്ടികൾക്ക് കലാ കായിക പ്രോത്സാഹന സഹായം | 50,000 (തനത് ഫണ്ട്) | 22401270/28.3.25: 49300 | 49300 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | | |

സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി 28.5.2022 നമ്പർ സർക്കാർ മാർഗ്ഗരേഖയിലെ 7.2.16 നമ്പർ വ്യവസ്ഥ പ്രകാരം ജില്ലാ കലോത്സവങ്ങൾ,ജില്ലാ കായിക മേളകൾ,യൂണിവേഴ്സിറ്റി തല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന പട്ടിക ജാതി പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും പ്രോത്സാഹനവും പിന്തുണയും നല്കുന്നതിനായി അനുയോജ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നല്കാവുന്നതും സർക്കാർ ഉത്തരവ് നം.(സാധാ).2388/LSGD തീയതി 1.12.2023 പ്രകാരം മേൽ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കു കൂടി ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ സ്കൂൾകുട്ടികൾക്ക് കലാ കായിക പ്രോത്സാഹന സഹായം എന്ന പദ്ധതിയിൽ ജനറൽ വിഭാഗത്തിലെ 17 വിദ്യാർത്ഥികൾക്ക് 2900 രൂപ വീതം അനുവദിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രസ്തുത പ്രോജക്ടിന് സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം ലഭിച്ചതിന്റെയോ നൂതന പ്രോജക്ടായി അംഗീകാരം ലഭിച്ചതിന്റെയോ വിവരം ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിക്ക് DPC അംഗീകാരം ലഭിച്ചതിനാൽ നടപ്പാക്കി എന്നാണ് പറയുന്നത്. ഇത് സ്വീകാര്യമല്ല. സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാൽ ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.11/14.11.25) ചെലവ് തുക 49300 രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 1-26 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതി ചെലവുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് സ്റ്റെയിൻലെസ്സ് സ്റ്റീൽ വാട്ടർ കൂളർ ആൻഡ് ഹീറ്റർമിഷൻ,ഫർണ്ണീച്ചർഎന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ, മറ്റ് ഫർണിച്ചറുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, ഫണ്ട്, ചെലവ് തുക | വൗച്ചർ/ബിൽ, തുക | സ്ഥാപനം, ഇൻവോയ്സ്, മറ്റ് വിശദാംശം |
|---|---|---|---|
| 1 | 263/25 പഞ്ചായത്ത് ഹാളിലേക്ക് സ്റ്റെയിൻലെസ്സ് സ്റ്റീൽ വാട്ടർ കൂളർ ആൻഡ് ഹീറ്റർമിഷൻ( So) അടങ്കൽ :100000/-(CFC) ചെലവ് 52,978/- | ബിൽനം. : XVFC/24-25/P/109/ 29.03.2025:52,978 | SRS Associates വഴുതക്കാട് Invoice No. Ho 24-25 SL 1793/29.3.2025:52,978 |

| | | | |
|---|---|---|---|
| 2 | 257/25 ഫ്രണ്ട് ഓഫീസിലേക്ക് വാട്ടർ കൂളർ ആൻഡ് ഹീറ്റർമിഷൻ( So)<br>അടങ്കൽ 1,10,000/-(CFC)<br>ചെലവ് 99400/- | ബിൽനം. : XVFC/24-25/P/108/ 29.03.2025:99000 | IT Professional Co-Op Society,പട്ടം<br>Invoice No. IT/24-25/1395 Dated 29.03.2025 |
| 3. | 374/25<br>പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ (NEW)<br>അടങ്കൽ : 24000 (വികസന ഫണ്ട്)<br>780 (തനത് ഫണ്ട്)<br>ചെലവ്: 24000 (വികസന ഫണ്ട്)<br>780 (തനത് ഫണ്ട്) | 240150552005601474587/ 10.3.25:24000<br>22401385/31.3.25:780 | NEW TWINS Furniture ബി.പി.അങ്ങാടി<br>Inoice No.B2C/01939/12.3.25: 24780/-<br>48 X24 Table-3 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്കെടുപ്പ് ശരിയായ രീതിയിൽ നടത്താതെ തുക അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല . ഇക്കാര്യം സെക്രട്ടറി ഉറപ്പ് വരുത്തിയതായ രേഖകൾ ഇല്ല.പ്രസ്തുത ഉപകരണങ്ങൾ/ഫർണ്ണീച്ചർ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ഇൻവോയ്സ്/ജെം കോൺട്രാക്റ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി തുടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആയതിന് ശേഷമാണ് വിതരണക്കാരന് പണം അനുവദിക്കാവുന്നത്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ലാഭകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം, സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(21/17-11-25) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 1,76,758 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| ക്രമ നം | പ്രോജക്ട് നം&പേര് | അടങ്കൽ | ചെലവ് | ബിൽ നം&തീയതി | ഏജൻസി |
|---|---|---|---|---|---|
| 1 | 377 /പൈപ്പ് ലൈൻ പുന:സ്ഥാപിക്കൽ(NEW) | 17,10,000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 17,10,000 | 1.XVFC/24-25/P/43/15.2.25: 1,71,000<br>2.XVFC/24-25/P/40/14.1.25: 7,62,424<br>3.XVFC/24-25/P/41/10.2.25: 7,76,576 | KRWSA(കേരള ഗ്രാമീണ ശുദ്ധ ജല വിതരണ ശുചിത്വ ഏജൻസി) |
| | | ആകെ | 17,10,000 | | |

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ/പ്രവൃത്തികളുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക 17,10,000 രൂപ (എൻക്വയറിനം.22/22.11.25) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്. പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | അബ്ദുറഹ്മാൻ സ്മാരക റോഡ് സെക്കന്റ് റീച്ച് (210/24-25)<br>BRN- 24150552041701464594/7-3-25 - 50,000 (വികസന ഫണ്ട് ജനറൽ)<br>2,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>വൗച്ചർ. XVFC/2024-25<br>P/44/ Dt. 15-2-25 180000<br>(XVFC/2024-25/P/49/28-2-25: 20,000)<br>കരാർ തുക – 222281<br>അളവ് പുസ്തകം - E MB<br>കരാർ - 117/11.3.2024<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് സലീം പി.വി<br>പൂർത്തീകരണ കാലാവധി - 6 മാസം (As Per LOA & TS)<br>സ്ഥലം കൈമാറിയ തിയതി - 13.3.24<br>പൂർത്തീകരിക്കേണ്ട തീയ്യതി 12.09.2024<br>പൂർത്തീകരിച്ച തീയ്യതി - 20.12.24 | 2617<br>13.09.2024 - 12.12.2024 (1%)<br>2222<br>13.12.2024 – 20.12.2024 (2%)<br>395<br>(4444x8/90) |
| 2 | ആവിപ്പുഴ സംരക്ഷണഭിത്തി ( 219/25)<br>വൗച്ചർ തുക 544432ഫണ്ട് - CFC<br>വൗച്ചർ നമ്പർ XVFC/2024-25/P/70 തീയതി 19-3-25<br>കരാർ തുക – 531656.29<br>അളവ് പുസ്തകം - E MB<br>കരാർ - 112/7.3.2024<br>കരാറുകാരൻ - യു ടെക് കൺസ്ട്രക്ഷൻസ്<br>പൂർത്തീകരണ കാലാവധി - 8 മാസം (As Per LOA,TS)<br>സ്ഥലം കൈമാറിയ തിയതി - 7.3.24<br>പൂർത്തീകരിക്കേണ്ട തീയ്യതി 6.11.2024<br>പൂർത്തീകരിച്ച തീയ്യതി - 14.3.25 | 9568 രൂപ<br>7-11-24 To 6-2-25<br>(1%) 5316<br>7-2-25 To 14-3-25<br>(2%) 10632x36/90<br>4252 |
| 3 | പള്ളിപ്പറമ്പ് പുഴയോരം റോഡ് നിർമ്മാണം(226/25)<br>ചെലവ്- 2,50,000<br>BRN 24150552041701480239/10-3-25<br>50,000-(വികസന ഫണ്ട് പൊതുവിഭാഗം)<br>2,00,000-(സി.എഫ്.സി) | 4703<br>18.6.2024 - 17.9.2024 (1%)<br>2326<br>18.9.24 – 2.11.24 (2%) |

| | | |
|---|---|---|
| | വൗച്ചർ നമ്പർ XVFC/2024-25/P/24 തീയതി 9-12-24(20,000)<br>വൗച്ചർ നമ്പർ XVFC/2024-25/P/25 തീയതി 11-12-24(1,60,000)<br>വൗച്ചർ നമ്പർ XVFC/2024-25/P/38 തീയതി 17-1-25(20,000)<br>കരാർ തുക – 232613<br>അളവ് പുസ്തകം - E MB<br>കരാർ - 75/8.12.2023<br>കരാറുകാരൻ - ശ്രീ. മുസ്തഫ എം<br>പൂർത്തീകരണ കാലാവധി - 6 മാസം (As Per LOA.TS)<br>സ്ഥലം കൈമാറിയ തിയതി - 18.12.23<br>പൂർത്തീകരിക്കേണ്ട തീയ്യതി 17.6.2024<br>പൂർത്തീകരിച്ച തീയ്യതി - 2.11.24 | 2377<br>(4652x46/90) |

ഓഡിറ്റ് എൻക്വയറി 37/18.11.2025 വഴി പിഴ ഈടാക്കിയ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം&പേര് | അടങ്കൽ | ചെലവ് | ബിൽ നം&തീയതി | ഏജൻസി |
|---|---|---|---|---|---|
| 1 | 406/25(New)വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് | 25000 (തനത്ഫണ്ട് ) | 25000 | 22401306/31.3.25: 25000 | |
| 2 | 27 / SSK വിഹിതം(NEW) | 470000 (വികസനഫണ്ട്) | 470000 | 24150552005601111755/ 31.12.24: 4,70,000 | |
| 3 | 86/25 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 30000(വികസനഫണ്ട്) 30000(തനത് ഫണ്ട്) | 60000 | 24150552005601472627/ 10.3.25: 30000 22401190/17.3.25: 30000 | |
| 4 | 29/25 ഐ.കെ.എമ്മിന് തുക നല്കൽ | 114873(വികസനഫണ്ട്) | 1,14,873 | 24150552005601078464/ 21.12.24: 114873 | |
| | | | ആകെ | 6,69,873 | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 6,69,873/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (എൻക്വയറി നം.24/17.11.25)

## 1-30 ഹോമിയോ മരുന്നുകൾ മുഴുവനും ലഭിച്ചില്ല

2024-25ൽ മെഡിക്കൽഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ ( Project 131/25)എന്ന പദ്ധതിക്കായി 450000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട് (ബിൽ നം.24150552041001202019/20.1.25MG-NR) Proforma Invoice No.PF-1089/15.1.25) . Tax Invoice LF -2906/12.03.25 , Delivery Note3592/11.03.25 എന്നിവ പ്രകാരം 1,80,524 രൂപയുടെയും Tax Invoice LF -2172/06.11.25 , Delivery Note 20251106/5709-06.11.25 എന്നിവ പ്രകാരം 2,18,264 രൂപയുടെയും ആകെ 3,98,788 രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 51212 രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നമ്പർ. 20/15-11-2025)

## 1-31 ഐസി.ഡി.എസ് -സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതി ചെലവുകളിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, ഫണ്ട്, ചെലവ് തുക | വൗച്ചർ/ബിൽ, തുക | സ്ഥാപനം, ഇൻവോയ്സ്, മറ്റ് വിശദാംശം |
|---|---|---|---|
| 1 | 175/25 അംഗനവാടി കലോത്സവം ( So) | 24150552041500177623/9.5.24: 15000 | Sudarsan Metals,തിരൂർ Invoice No. 1961 /12.3.2025:15629 Limited : 15000 48 Ss Ring Glass |

| | | | |
|---|---|---|---|
| | അടങ്കൽ :15,000/-<br>(വികസന ഫണ്ട്)<br>ചെലവ് :15000/- | | കൊട്ടേഷൻ ക്ഷണിക്കാതെയാണ് വാങ്ങിയിട്ടുള്ളത്. |
| 2 | 134/25 അംഗനവാടി കുട്ടികളുടെ കലോത്സവം( New)<br>അടങ്കൽ 30000/-(തനത് ഫണ്ട്)<br>ചെലവ് 27970/- | 22401272 /28.3.25:27970 | V Brand Appliances<br>ഇൻവോയിസ് നം 42 /24.2.25: 16940<br>Deluxe Colour Mug 560nos :16800<br>Box Single Cup 28Nos :140 |

കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. സ്റ്റോക്കെടുപ്പ് ശരിയായ രീതിയിൽ നടത്താതെ തുക അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല . ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഇക്കാര്യം ഉറപ്പ് വരുത്തിയതായ രേഖകൾ ഇല്ല.പ്രസ്തുത ഐറ്റംസ് സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയതിന് (33/18.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ 31,940 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-പൊതു വിവരങ്ങൾ

| ക്രമനം. | വിശദാംശം | എണ്ണം/ തുക |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ | 4661 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4661 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1119 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 94580000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 295 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 246 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 49 |
| 8 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 867 |
| 9 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 844 |
| 10 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 258 |
| 11 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 49 |
| 12 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ | ലഭ്യമല്ല |

| | | |
|---|---|---|
| | വിവരം (ആസ്തി, വിവരം) | |

(ഓഡിറ്റ് എൻക്വയറി 31/18-11-2025)

<u>മെറ്റീരിയൽ പ്രവർത്തികളുടെ വിശദ വിവരം</u>

2024-25 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവർത്തികൾ

| ക്രമ നം. | ആക്ഷൻ പ്ലാൻ പ്രാകാമുള്ള പ്രവർത്തി | എണ്ണം | പൂർത്തിയായവ | ജിയോ ടാഗ് ചെയ്തവ | പൂർത്തിയായിട്ടും തുക നല്കാത്തവ | ശേഷിക്കുന്നവ | ചെലവ് |
|---|---|---|---|---|---|---|---|
| · | റോഡ് | 23 | 9 | 15 | 6 | 8 | 2558088 |
| · | ആട്ടിൻ കൂട് | | | | | | |
| · | കോഴിക്കൂട് | | | | | | |
| · | സോക്ക് പിറ്റ് | 147 | 20 | 24 | 4 | 123 | 263496 |
| · | തൊഴുത്ത് | 5 | | 5 | 5 | | 456572 |
| · | കമ്പോസ്റ്റ് | 5 | 2 | 2 | | 3 | 32634 |
| · | നേഴ്സറി | | | | | | |
| · | കുളം | 3 | 3 | 3 | | | 358417 |
| | ആകെ | 183 | 34 | 49 | 15 | 134 | 3669207 |

ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-33 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല</u>

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ കാണുന്ന പദ്ധതികളിൽ കെ.എം.സി.എൽ- നു മുൻകൂറായി ചുവടെ കൊടുത്ത പ്രകാരം തുക നല്കിയിട്ടുണ്ടെങ്കിലും മുഴുവൻ തുകക്കുമുള്ള ഇനങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശം:

| പ്രൊജക്ട് പേര്, നമ്പർ | അടങ്കൽ/ ഫണ്ട് | മരുന്നിനായി നല്കിയ തുക | പ്രഫോർമ ഇൻവോയിസ് വിവരം | ബിൽ റെഫ./ വൗച്ചർ നമ്പർ/ തിയ്യതി | ലഭ്യമായത് | ശേഷിക്കുന്നത് |
|---|---|---|---|---|---|---|
| FHC ക്കും ഫിഷറീസ് പി എച്ച് സി ക്കും മരുന്നു വാങ്ങൽ-180/25 (സ്പിൽ ഓവർ) | 1288019 എം.ജി: എൻ.ആർ | 616171 | PRF-713/ 24.7.24 | 24150552041400506641 /6.8.24 | 335917 | 280254 |
| | | 625000 | PRF-3332/ 30.1.25 | 24150552041401266799 /3.2.25 | 0 | 625000 |
| | | 25213 | PRF-3774/ 20.2.25 | 24150552041401369921 /22.2.25 | 213 | 25000 |
| | | 3986 | PRF-3898 /27.2.25 | 24150552041400506641 /13.3.25 | 0 | 3986 |
| | | 17649 | PRF-4399 /17.3.25 | 24150552041400506641 /17.3.25 | 0 | 17649 |
| | ആകെ | 1288019 | | | 336130 | 951889 |
| കുടുമ്പാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെല്ത്ത് ആൻഡ് വെൽനസ്സ് പ്രവർത്തനങ്ങൾ 354/25- 25 (സ്പിൽ ഓവർ) | 399750 ഹെൽത്ത് ഗ്രാന്റ് | 85696 | PRF-3775/ 20.2.25 | 22401273/28-03-2025 | 0 | 85696 |
| | | 26365 | PRF-2305/ 4.12.24 | 22401351/31-03-2025 | 0 | 26365 |
| | ആകെ | 112061 | | | 0 | 112061 |
| | ഒട്ടാകെ | 1400080 | | | 672260 | 1063950 |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം സ്റ്റോക്ക് വിവരം സഹിതം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ GO(P)No.177/2006/Fin Dt.12.4.2006) പ്രകാരമുള്ള, വിവിധ പദ്ധതികളുടെ വർഷം തിരിച്ചുള്ള വിശദാംശം, വരവു ചെലവു വിവരം, ഫണ്ടിനം, ബിൽ/വൗച്ചർ/തിയതി തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി സൂക്ഷിക്കേണ്ട നിർദിഷ്ട ഫോർമാറ്റിലുള്ള പ്രോജക്ട് രജിസ്റ്റർ (Annexure B5)

ഓഡിറ്റിനു ലഭ്യമായിട്ടില്ല. മാത്രമല്ല, വിവിധ പദ്ധതികളുടെ ഭാഗമായി വിവിധ ഫണ്ടിനങ്ങളിൽ നിന്നും ഓരോ വർഷവും മരുന്നിനായി നല്കുന്ന തുക, ബിൽ നം./തിയതി, പ്രൊഫോമ ഇൻവോയ്സ് നം./തിയതി, ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് നം./തിയതി, ലഭ്യമാകാൻ അവശേഷിക്കുന്നവയുടെ വിവരം എന്നിവയുടെ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ വാർഷിക പത്രിക/രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കുകയോ ഓഡിറ്റിനു ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിലവിലെ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റമോ സ്ഥലം മാറ്റമോ ലഭിക്കുന്ന സാഹചര്യത്തിൽ മേൽ വിവരങ്ങൾ യഥാസമയം കാലികമാക്കി ചുമതലയുള്ള മെഡിക്കൽ ഓഫീസർ വർഷാന്ത്യത്തിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് ഇക്കാര്യത്തിലെ തുടർ നടപടിയും പുരോഗതിയും നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനത്തിനു ഇക്കാര്യവുമായി ബന്ധപ്പെട്ട് ഓർമക്കുറിപ്പ് അയക്കുന്നതിനും നല്കിയ തുകക്കുള്ള മുഴുവൻ മരുന്നും ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും പുതുതായി ചുമതലയേൽക്കുന്നവർക്ക് തടസം സൃഷ്ടിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരികരിച്ചു പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 7/13.11.2025 നു മറുപടി ലഭ്യമായില്ല

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാലിന്യം നീക്കം ചെയ്യൽ പദ്ധതികൾ-അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 318/25 | |
| പ്രൊജക്റ്റിന്റെ പേര് | എം.സി.എഫ് മാലിന്യം നീക്കം ചെയ്യൽ | |
| അടങ്കൽ തുക | 784077/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| വിനിയോഗിച്ച തുക | 784077/- രൂപ. | |
| ബിൽ നമ്പർ / തിയ്യതി | 1. | XVFC/2024-25/P/14/11.11.2024 – 269280/-രൂപ. |
| | 2. | XVFC/2024-25/P/32/04.01.2025 – 119360/-രൂപ. |
| | 3. | XVFC/2024-25/P/42/10.02.2025 – 74800/-രൂപ. |
| | 4. | XVFC/2024-25/P/46/15.02.2025 – 88400/-രൂപ. |
| | 5. | XVFC/2024-25/P/77/23.03.2025 – 182400/-രൂപ. |
| | 6. | XVFC/2024-25/P/116/30.03.2025 – 49837/- രൂപ. |

2.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 106/25 | |
| പ്രൊജക്റ്റിന്റെ പേര് | ഹരിത കർമ്മ സേന മാലിന്യം നീക്കം ചെയ്യൽ | |
| അടങ്കൽ തുക | 322000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| വിനിയോഗിച്ച തുക | 321440/- രൂപ. | |
| ബിൽ നമ്പർ / തിയ്യതി | 1. | XVFC/2024-25/P/2/24.06.2024 – 188480/-രൂപ. |
| | 2. | XVFC/2024-25/P/9/02.09.2024 – 80560/-രൂപ. |
| | 3. | XVFC/2024-25/P/18/18.11.2024 – 52400/-രൂപ. |

മംഗലം ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പരാമർശിച്ച പദ്ധതികൾക്ക് Green Worms Eco Solutions LLP, വെസ്റ്റ് ഹിൽ എന്ന സ്ഥാപനത്തിന് 8രൂപ/Kg നിരക്കിൽ 12.07.2024 ന് കരാറിലേർപ്പെടുകയും മാലിന്യം നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ MOVENPRO, Enviro Solutions LLP, GREENWORMS Eco Solutions LLP എന്നീ 2 സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. MOVENPRO എന്ന സ്ഥാപനം 7രൂപ + GST /Kg തുകയും , Green Worms Eco Solutions LLP എന്ന സ്ഥാപനം 8 രൂപ /Kg എന്നുമാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രൊക്യുയർമെന്റ് മാർഗ്ഗരേഖ ജി.ഒ(പി) 259/2010/ തസ്വഭവ തിയ്യതി 08-11-2010 പ്രകാരം 1 ലക്ഷത്തിന് മുകളിലുള്ളവക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 03.10.2022 ലെ JC-MPLM/643/2022-M4 നമ്പർ കത്ത് പ്രകാരം പാഴ് വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ കിലോക്ക് 7 രൂപ കോട്ട് ചെയ്ത MOVENPRO എന്ന സ്ഥാപനവുമായി കരാർ ചമക്കാതെ കൂടിയ നിരക്കായ കിലോക്ക് 8 രൂപ നിരക്കിൽ GREENWORMS എന്ന സ്ഥാപനവുമായി കരാർ ചമക്കുകയും ചെയ്തിതിട്ടുണ്ട്. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന് 1,38,189 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/14.11.2025) പഞ്ചായത്തിലെ എം.സി.എഫിൽ നിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ശുചിത്വ മിഷൻ എം പാനൽ ചെയ്ത ഏജൻസികളിൽ നിന്നും ക്ഷണിച്ച താല്പര്യപത്ര പ്രകാരം മൂവെൺ പ്രോ എന്ന സ്ഥാപനം സമർപ്പിച്ച കിലോയ്ക്ക് 7 രൂപ+ ജി.എസ്.ടി എന്ന നിരക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതി പരിഗണിച്ചിരുന്നു. എന്നാൽ പഞ്ചായത്തിലെ എം.സി.എഫിൽ നിന്നുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സൗകര്യങ്ങളോ വലിയ അളവിലുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പരിചയമോ പ്രസ്തുത സ്ഥാപനത്തിനില്ല എന്ന് ഭരണസമിതി വിലയിരുത്തി എന്നും മാലിന്യം നീക്കം ചെയ്യുന്നതിന് ഇല്ലാത്ത ജി.എസ്.ടി ക്വാട്ട് ചെയ്തത് തന്നെ പരിചയക്കുറവിന്റെ തെളിവാണ് എന്നും, ജില്ലയിൽ മറ്റ് പഞ്ചായത്തുകളിൽ ഒരിടത്ത് നിന്നും പ്രസ്തുത സ്ഥാപനം മാലിന്യം നീക്കം ചെയ്യുന്നതായും അറിവില്ല എന്നും, എം.സി.എഫിൽ നിന്നുള്ള മാലിന്യനീക്കം കൃത്യമായ ഇടവേളകളിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയായതിനാൽ താല്പര്യപത്രം ക്ഷണിക്കുന്ന വേളയിൽ പരാതികളില്ലാതെ സമയബന്ധിതമായി മാലിന്യം നീക്കം ചെയ്തിരുന്നത് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണ രംഗത്തെ പരിചയവും, സംഭരണ സംസ്കരണ സംവിധാനങ്ങളും, സിമന്റ് ഫാക്ടറികളുമായുള്ള ധാരണാപത്രങ്ങളും പരിഗണിച്ച് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ കിലോയ്ക്ക് 8 രൂപാ നിരക്ക് സ്വീകരിക്കാനാണ് 11/07/2024 ന് ചേർന്ന ഭരണ സമിതി 4(2) നമ്പറായി തീരുമാനമെടുത്തിട്ടുള്ളത് എന്നും ഭരണസമിതിയുടെ പ്രസ്തുത തീരുമാന പ്രകാരമാണ് ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി കരാർ വച്ചതും എം.സി.എഫിൽ നിന്നുള്ള മാലിന്യ നീക്കത്തിന് തുക അനുവദിച്ചിട്ടുള്ളതും.
സമയബന്ധിതമായും കൃത്യമായും മാലിന്യം നീക്കം ചെയ്യുന്നത് മൂലം 80% ൽ അധികം യൂസർ ഫീ പൊതുജനങ്ങളിൽ നിന്നും ലഭിക്കുകയും ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാനം ലഭിക്കുകയും ചെയ്തുവരുന്നു എന്നും, പഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ടെണ്ടർ നടപടികളിലെ അപാകത കാരണം ഗ്രാമപഞ്ചായത്തിന് ആകെ കയറ്റിയയച്ച 138189 കി.ഗ്രാമിന് 1 രൂപ എന്ന കണക്കിൽ ആകെ 1,38,189 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നത് വ്യക്തമാണെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ലാത്തതാണ്. അധികചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.ഗ്രീൻ വേംസുമായി കരാറിൽ ഏർപ്പെട്ടത് 12-07-2024 നാണ്. എന്നാൽ 24-06-2024 ന് തന്നെ തുക കൈമാറിയിട്ടുള്ളതായി കാണുന്നു. ഈ നടപടിയും ക്രമത്തിലല്ല. നഷ്ടതുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സ്കൂൾകുട്ടികൾക്ക് കലാ കായിക പ്രോത്സാഹന സഹായം-സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധം ;ചെലവുതുക നിരാകരിക്കുന്നു

| പ്രോജക്ട് നം, പേര് | അടങ്കൽ തുക | വൗച്ചർ/ ബിൽനം.തീയതി&തുക | ആകെ ചെലവ് |
|---|---|---|---|
| 148/25 സ്കൂൾകുട്ടികൾക്ക് കലാ കായിക പ്രോത്സാഹന സഹായം | 50,000 (തനത് ഫണ്ട്) | 22401270/28.3.25: 49300 | 49300 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | | |

സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി 28.5.2022 നമ്പർ സർക്കാർ മാർഗ്ഗരേഖയിലെ 7.2.16 നമ്പർ വ്യവസ്ഥ പ്രകാരം *ജില്ലാ* കലോത്സവങ്ങൾ,ജില്ലാ കായിക മേളകൾ,യൂണിവേഴ്സിറ്റി തല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന പട്ടിക ജാതി പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും പ്രോത്സാഹനവും പിന്തുണയും നല്കുന്നതിനായി അനുയോജ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നല്കാവുന്നതും സർക്കാർ ഉത്തരവ് നം.(സാധാ).2388/LSGD തീയതി 1.12.2023 പ്രകാരം മേൽ വിഭാഗത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കു കൂടി ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ സ്കൂൾകുട്ടികൾക്ക് കലാ കായിക പ്രോത്സാഹന സഹായം എന്ന

പദ്ധതിയിൽ ജനറൽ വിഭാഗത്തിലെ 17 വിദ്യാർത്ഥികൾക്ക് 2900 രൂപ വീതം അനുവദിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രസ്തുത പ്രോജക്റ്റിന് സർക്കാരിൽ നിന്ന് മുൻകൂർ അനുവാദം ലഭിച്ചതിന്റെയോ നൂതന പ്രോജക്റ്റായി അംഗീകാരം ലഭിച്ചതിന്റെയോ വിവരം ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചതിനാൽ നടപ്പാക്കി എന്നാണ് പറയുന്നത്. സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിൽ ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.11/14.11.25) ചെലവ് തുക 49,300/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് (MEDISEP) - പ്രീമിയം വിവരങ്ങൾ

മംഗലം ഗ്രാമപ്പഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | 67500 | 67500 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഏപ്രിൽ 2024 | 5500 | 5500 | 0 | ലക്ഷ്മി മനോഹരൻ |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2024-25 | 11.11.2025 മുതൽ 19-11-2025 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| Block Panchayat And District Panchayat | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 60000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, Project No 21 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 60000 | 0 |

| | | | | |
|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 196176 | സ്ഥിരം കൃഷി നെല്ല് ,Project No 34 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 196176 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 11,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം-8,00,000 | ലൈഫ് ജനറൽ, Project No 8 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 1100000<br>ജില്ലാ പഞ്ചായത്ത് വിഹിതം-800000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 3,33,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം, Project No - 108 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 3,33,000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 122582 | പുത്തൻകുളം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പൂർത്തീകരണം, Project No - 250 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 122582 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 300000 | അറക്കലപ്പറമ്പ് റോഡ് പുനരുദ്ധാരണം വാർഡ് 5 ,Project No - 300 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 300000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 3,20,000 | ലൈഫ് എസ് സി, Project No- 9 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 3,20,000 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രൊജക്ട് നമ്പർ | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 31/25 | 22401210/23-3-25 | 200000 | 88852 | പൂർത്തീകരിച്ചു | 111148 |
| KSEB | തീരദേശത്ത് സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ 256/25 | 22401285/30-3-25 | 500000 | 499923 | പൂർത്തീകരിച്ചു | 77 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 262/25 | 22401185/15-3-25 (18738) 22400889/29-12-24 (9461) 22400372/7-8-24 (60241) | 88440 | 88440 | പൂർത്തീകരിച്ചു | 0 |
| IRRIGATION DEPARTMENT | പൈപ്പ് ലൈൻ പുനസ്ഥാപിക്കൽ 377/25 | 22401259/28-3-25 | 1710000 | 0 | പൂർത്തീകരിച്ചിട്ടില്ല | 1710000 |
| ANERT | വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് സോളാർ വൈദ്യുതി | 2415055205601544903/15-3-25 | 1762200 | 1762200 | പൂർത്തീകരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പാനൽ 327-25 | | | | | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 9107646 | 104798695 | 7617020 | ഇല്ല | 106289321 |

## 4-7 സ്ഥിര നിക്ഷേപം

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 77226852 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 76253597 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 187489 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 2699070 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും** |
|---|---|---|
| 3-1 | 1,38,189 | ശ്രീ. അനീഷ്. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 49300 | ശ്രീ.ബാബുരാജ്. പി.ടി, ഹെഡ് മാസ്റ്റർ |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| **ഖണ്ഡിക നമ്പർ** | **തുക (₹)** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 1-21 | 110499 | ശ്രീ.ബാബുരാജ്. പി.ടി, ഹെഡ് മാസ്റ്റർ |
| 1-26 | 176758 | ശ്രീ. ബീരാൻ കുട്ടി എ.കെ സെക്രട്ടറി |
| 1-27 | 1710000 | ശ്രീ. ബീരാൻ കുട്ടി എ.കെ സെക്രട്ടറി |
| 1-29 | 669873 | ശ്രീ. ബീരാൻ കുട്ടി എ.കെ സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-31 | 31940 | ശ്രീമതി.ജയകുമാരി ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ആകെ** | 2699070 | |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.</u>**

ഇല്ല.

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല.

**എഫ്). <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനീഷ്. എസ്, അസിസ്റ്റന്റ് സെക്രട്ടറി | ജോയിന്റ് ബി.ഡി.ഒ, താനൂർ ബ്ലോക്ക് പഞ്ചായത്ത് | രാഗേന്ദു, തൃക്കണ്ടിയൂർ പി.ഒ, തിരൂർ ഇ-മെയിൽ ഐ.ഡി. Aneeshtir@Gmail.Com ഫോൺ നം. : 9847224424 |
| ശ്രീ.ബാബുരാജ്.പി.ടി ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ GMLPS, മംഗലം | പുതുമന, വെങ്ങാലൂർ (പി.ഒ) BP അങ്ങാടി മലപ്പുറം-ജില്ല 9447408067 Baburajpg@Gmail.Com |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ എസ് എ എം പി എം.17/1359/19 തിയ്യതി 15.09.2020 | 01 |
| 2001-02, ചെലവ് | കെ എസ് എ എം പി എം.17/333/23 തിയ്യതി 25.05.2023 | 11 |
| 2003-04 | കെ എസ് എ എം പി എം.17/1359/19 തിയ്യതി 15.09.2020 | 07 |
| 2004-05 | കെ എസ് എ എം പി എം.17/1361/19 തിയ്യതി 15.09.2020 | 10 |
| 2005-06 | കെ എസ് എ എം പി എം.17/1359/19 തിയ്യതി 15.09.2020 | 09 |
| 2006-07 | കെ എസ് എ എം പി എം.17/1359/19 തിയ്യതി 15.09.2020 | 12 |
| 2007-08 | കെ എസ് എ എം പി എം.17/1359/19 തിയ്യതി 15.09.2020 | 08 |
| 2008-09 | കെ എസ് എ എം പി എം.17/1359/19 തിയ്യതി 15.09.2020 | 16 |
| 2009-10, 2010-11 | കെ എസ് എ എം പി എം.17/1361/19 തിയ്യതി 25.05.2023 | 05 |
| 2011-12, 2012-13 | കെ എസ് എ എം പി എം 17/1948/17 തിയ്യതി 25.05.2023 | 07 |
| 2013-14, 2014-15 | കെ എസ് എ എം പി എം 17/2017/16 തിയ്യതി 25.05.2023 | 08 |
| 2015-16 | കെ.എസ്.എ.എം.പി.എം17/02/2017 തിയ്യതി 18.04.2023 | 05 |
| 2016-17 | കെ.എസ്.എ എം.പി.എം 17/2417/2017തി 10.07.2018 | 10 |
| 2017-18 | കെ.എസ്.എ എം.പി.എം 17/52/19 തി 09.07.2019 | 25 |
| 2018-19 | കെ.എസ്.എ എം.പി.എം 17/1352/20 തി 18.02.2020 | 22 |
| 2019-20 | കെ.എസ്.എ എം.പി.എം 17/647/2022 തി 23.11.2022 | 23 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ എം.പി.എം 17/648/2022 തി 23.11.2022 | 18 |
| 2021-22 | കെ.എസ്.എ എം.പി.എം 17/398/23 തീയതി, 23.03.2023 | 25 |
| 2022-23 | കെ.എസ്.എ എം.പി.എം 17/2028/2023(1) തീയതി, 05.01.2024 | 40 |
| 2023-24 | കെ.എസ്.എ.എം.പി.എം17/2606/2024 തീയ്യതി: 28/12/2024 | 32 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(2) dated 1(2) dated 19-06-2025 and submitted on 13-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Mangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mangalam Grama Panchayat as on 31-03-2025

**Date: 26/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Mangalam Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1. The Asset Register is not updated.
2. The following mandatory financial statements prescribed in accounting rules are not submitted for audit.

.Ratios

.Notes on accounts

.Comparative amounts

3. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4. Worksheet for the calculation of Depreciation for fixed assets was not produced for auditing.
5. The annual summary has not been recorded in the registers and certified by the secretary.
6. Expenditure as per ACR amount does not match with that of AFS.
7. Supporting documents for Fixed Assets are not produced.

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മംഗലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്